**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5455** **13-08-2021 - ൽ മറുപടിയ്ക്ക്**

**ഭൂരഹിതരായ കുടുംബങ്ങൾക്ക് ഭൂമി നൽകാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അനൂപ് ജേക്കബ്** | | **Shri K. Radhakrishnan**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | പിറവം നിയോജകമണ്ഡലത്തിൽ ഭൂരഹിതരായ പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് സ്ഥലവും വീടും നൽകുന്നതിനായി നിലവിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; അറിയിക്കുമോ; | (എ) | പിറവം നിയോജകമണ്ഡലത്തിൽ 10 ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങളുടെ അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. ടി അപേക്ഷകരിൽ അർഹതപ്പെട്ടവർക്ക് ജനകീയ സമിതി, ആദിവാസി പുനരധിവാസ മിഷൻ എന്നിവയുടെ അംഗീകാരത്തിന് വിധേയമായി ലാന്റ് ബാങ്ക് പദ്ധതി പ്രകാരം വാങ്ങിയിട്ടുള്ള ഭൂമി അനുവദിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. പട്ടികജാതി വികസന വകുപ്പിന്റെ ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം ലൈഫ് ലിസ്റ്റിലെ മുൻഗണന പരിശോധിച്ച് ഭൂമി നൽകുന്നതിനും ലൈഫ് മിഷന്റെ സമ്പൂർണ്ണ ഭവന പദ്ധതി പ്രകാരം വീട് അനുവദിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | അർഹതപ്പെട്ട ഇരുന്നൂറ്റി ഇരുപത്തി രണ്ട് കുടുംബങ്ങൾക്ക് ഭൂമി നൽകാൻ നിലവിൽ സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | പിറവം നിയോജകമണ്ഡലത്തിൽ ഭൂരഹിതരായ 10 പട്ടിക വർഗ്ഗ കുടുംബങ്ങളിൽ അർഹരായ കുടുംബങ്ങൾക്ക് എടക്കാട്ടുവയലിൽ ഒഴിവു വരുന്ന പ്ലോട്ടുകളിലോ ലാന്റ് ബാങ്ക് പദ്ധതി പ്രകാരം ജില്ലയിൽ കണ്ടെത്തിയ പ്ലോട്ടുകളിലോ ഭൂമി അനുവദിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ലൈഫ് ലിസ്റ്റിലെ മുൻഗണന അനുസരിച്ച് തെരഞ്ഞെടുത്തിട്ടുള്ള പട്ടികജാതിയിൽപ്പെട്ട ഗുണഭോക്താക്കളുടെ അർഹത പരിശോധിച്ച്, മതിയായ ആധികാരിക രേഖകൾ സമർപ്പിച്ചിട്ടുള്ള ഗുണഭോക്താക്കളോട് സ്വമേധയാ ഭൂമി കണ്ടെത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | ഇതിൻമേലുള്ള നടപടികൾ ത്വരിതപ്പെടുത്തി പ്രസ്തുത കുടുംബങ്ങൾക്ക് എന്നത്തേക്ക് ഭൂമി നൽകാൻ സാധിക്കുമെന്നറിയിക്കാമോ? | (സി) | പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ഭൂമി അനുവദിക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പൂർത്തിയാക്കി 2022 മാർച്ച് മാസത്തിനകം ഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള, |

| | | | |
|---|---|---|---|
| | | | പട്ടികജാതിയിൽപ്പെട്ട ഗുണഭോക്താക്കൾ കണ്ടെത്തുന്ന ഭൂമി, വകുപ്പ് ഉദ്യോഗസ്ഥർ പരിശോധിച്ച് വാസയോഗ്യമാണെന്ന് ബോധ്യപ്പെട്ടുന്ന പക്ഷം ഭൂമി രജിസ്ട്രേഷനുള്ള നടപടികൾ ഈ സാമ്പത്തിക വർഷം തന്നെ പൂർത്തീകരിക്കാനാണ് വകുപ്പ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ